**വ്യക്തിത്വം**

**കെ.പി**

# സയ്യിദ് സനാഉല്ലാഹ് മഖ്ദീ തങ്ങൾ

കേരളമുസ്‌ലിം നവോത്ഥാന നായകന്മാരിൽ പ്രഥമഗണനീയനാണ് മഖ്ദീ തങ്ങൾ എന്ന സയ്യിദ് സനാഉല്ലാഹുൽ മഖ്ദിബ്നു സയ്യിദ് അഹ്മദുബ്നു സയ്യിദ് മുഹമ്മദുബ്നു മഖ്ദിബ്നു സയ്യിദ് അബ്ദില്ലാഹിൽ മഖ്ദിബ്നു സയ്യിദ് അഹ്മദ് ദാകിർ സഖാഫ്. പ്രവാചകപിതൃവ്യനായ അബ്ബാസി(റ)ന്റെ സന്തതികളിൽ പെട്ട അറേബ്യയിലെ സഖാഫ് ഗോത്രജന്മാരുടെ പിന്മുറക്കാരിൽ പെടുന്നു. പഴയ പൊന്നാനി താലൂക്കിലെ വെളിയങ്കോട്ട് താമസമാക്കിയ സയ്യിദ് അഹ്മദ് തങ്ങളുടെയും പത്നി ഹമദാനി വംശജയായ ശരീഫാ ബീവിയുടെയും മകനായി 1847-ൽ മഖ്ദീതങ്ങൾ ജനിച്ചു. പിതൃസന്നിധിയിൽ പ്രാഥമിക അറബി ഭാഷാ പഠനം നടത്തി. പിന്നീട് ചാവക്കാട് ഹയർ എലിമെന്ററി സ്കൂളിൽ പഠിച്ചു. വെളിയങ്കോട്, പൊന്നാനി, മാറഞ്ചേരി പള്ളി ദർസുകളിൽ മത വിഷയങ്ങളിൽ ഉപരിപഠനം നടത്തി. മലയാളം, അറബി, ഹിന്ദുസ്താനി, പേർഷ്യൻ, തമിഴ് ഭാഷകളിൽ പ്രാവീണ്യം നേടിയ അദ്ദേഹം ബ്രിട്ടീഷ് ഗവൺമെന്റിനു കീഴിൽ എക്സൈസ് ഇൻസ്പെക്ടറായി ഏതാനും വർഷം ജോലി ചെയ്തു. ചെറുപ്പത്തിലേ നല്ല വായനക്കാരനായിരുന്ന തങ്ങൾ പ്രസംഗ-പ്രബന്ധ കലകളിൽ വ്യുൽപത്തി നേടി.

ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുന്ന ലഘുലേഖകളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ച് ക്രൈസ്തവ മിഷനറിമാർ കേരളത്തിൽ സജീവമായ ഘട്ടമായിരുന്നു അത്. അറബി മലയാളലിപിയിൽ പോലും അവർ ഗ്രന്ഥരചന നടത്തി. ക്രിസ്തീയ സുവിശേഷകന്മാരുടെ ഇസ്‌ലാംവിരുദ്ധ പ്രവർത്തനങ്ങൾക്ക് അതേ നാണയത്തിൽ തിരിച്ചടിനൽകാൻ കച്ചകെട്ടിയിറങ്ങിയ മഖ്ദീ തങ്ങൾ 1882-ൽ മുപ്പത്തിയഞ്ചാം വയസ്സിൽ സർക്കാർ ജോലി വലിച്ചെറിഞ്ഞു. അങ്ങനെ വെളിയങ്കോട്ടുകാരനായ ആ യുവ പ്രബോധകൻ കേരളത്തിൽ അങ്ങുന്നിങ്ങോളം ഇസ്‌ലാമികാശയ പ്രചാരണത്തിനായി ചുറ്റി സഞ്ചരിച്ചു. പ്രസംഗവും എഴുത്തും ഉപയോഗിച്ച് ഇസ്‌ലാമിന്റെ പ്രതിയോഗികളെ നേരിട്ടു. ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങളെ പ്രതിരോധിക്കുക മുഖ്യലക്ഷ്യമായിരുന്നതിനാൽ കുരിശുമതത്തിന്റെ വിമർശന വിശകലനങ്ങളുടെ അതിപ്രസരം അദ്ദേഹത്തിന്റെ രചനകളിലും മൊഴികളിലും കാണാം.

1884-ൽ ക്രൈസ്തവരുടെ ത്രിയേകത്വ വിശ്വാസത്തെ പ്രാമാണികമായി നിരൂപണം ചെയ്യുന്ന 'കഠോര കുഠാരം' എന്ന ഗ്രന്ഥത്തിലൂടെയായിരുന്നു തങ്ങളുടെ അരങ്ങേറ്റം എന്നു പറയാം. അതിന് ക്രിസ്ത്യൻ പണ്ഡിതൻ മറുപടി കുറിച്ചപ്പോൾ 'കഠോര വജ്രം' എന്ന പേരിൽ മഖ്ദീ തങ്ങൾ ഒരു പ്രത്യാഖ്യാനം എഴുതി. അതോടെ മറുപക്ഷം തലതാഴ്ത്തി. 1892-ൽ തിരുവനന്തപുരത്തുനിന്ന് 'ക്രിസ്തീയ അജ്ഞേയ വിജയം അഥവാ പാർക്കലീത്താ പോർക്കളം' എന്ന ഗ്രന്ഥമിറക്കി. ജൂത-ക്രൈസ്തവ വേദങ്ങളിലെ വാഗ്ദത്ത പ്രവാചകൻ മുഹമ്മദ് നബിയാണെന്ന് ബൈബിൾ സൂക്തങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കുന്ന ഈ കൃതിക്ക് മറുപടിയെഴുതുന്നവർക്ക് 200 രൂപ ഇനാം പ്രഖ്യാപിച്ചെങ്കിലും മറുഭാഗത്തുനിന്ന് പ്രതികരണമൊന്നുമുണ്ടായില്ല.

ഗ്രന്ഥരചനയാരംഭിച്ചതോടെ ഒരു പ്രസ് സ്ഥാപിക്കേണ്ടിവന്നു. അതിനായി അദ്ദേഹം പല മുസ്‌ലിം ധനാഢ്യരെയും സമീപിച്ചു. ഒടുവിൽ ആലപ്പുഴയിലെ ചിലരുടെ സഹായത്തോടെ 1890-ൽ ഉദ്യോഗം രാജിവെച്ച ശേഷം തന്റെ കർമമണ്ഡലമായിരുന്ന കൊച്ചിയിൽ മുഹമ്മദീയ പ്രസ് സ്ഥാപിച്ചു. എഴുത്തിൽനിന്ന് പത്രപ്രവർത്തനരംഗത്തേക്ക് കടന്ന തങ്ങൾ കൊച്ചി കൽവത്തിയിൽ താമസിച്ചിരുന്ന കൊച്ചി പള്ളി ഖാദിയും ബാംഗ്ലൂർക്കാരനുമായിരുന്ന ഖാദിർശാഹ് ഹാജി ബാപ്പു സാഹിബിന്റെ പത്രാധിപത്യത്തിൽ 1888-ൽ 'സത്യപ്രകാശം' എന്ന പേരിൽ ഒരു വാരിക തുടങ്ങി. എന്നാൽ ഒമ്പതു മാസക്കാലമേ അത് നടന്നുള്ളൂ. ശേഷം 1892-ൽ (ഹി. 1312 ദുൽഖഅ്ദ്) മഖ്ദീ തങ്ങൾ *തുഹ്ഫത്തുൽ അഖ്‌യാർ വ ഹിദായത്തുൽ അശ്‌റാർ* എന്ന പേരിൽ ഒരു അറബി മലയാള ദ്വൈവാരിക പുറത്തിറക്കി. ഇസ്‌ലാമിന്റെ നാനാവശങ്ങളെ പരിചയപ്പെടുത്തുന്ന പത്രം 'ദീനിനെയും ദുൻയാവിനെയും സംബന്ധിക്കുന്നതായ പല സംഗതികളും അടങ്ങിയിരിക്കുന്നു'വെന്നാണ് തങ്ങൾതന്നെ പരിചയപ്പെടുത്തിയത്. ചേനത്ത് വളപ്പിൽ സയ്യിദ് അബ്ദുർറഹ്മാൻ ഹൈദ്രോസ് എന്ന അടിമ മുസ്‌ലിയാർ (കൊച്ചി), അണിയാപുറത്ത് അമ്മു സാഹിബ് (തലശ്ശേരി), അറ

ക്കൽ കുഞ്ഞഹമ്മദ് മൗലവി (കൊച്ചി) എന്നിവരായിരുന്നു സഹപ്രവർത്തകർ. 106 വർഷം മുമ്പ് നടത്തിയ ആ പത്രത്തിന്റെ ഉള്ളടക്കം ആരിലും വിസ്മയമുളവാക്കും. സ്വദേശ-വിദേശ വാർത്തകൾ, ഖുർആൻ വ്യാഖ്യാനം, കഥയും നർമവും, ചരിത്രം, ആപ്തവാക്യങ്ങൾ, സ്വഭാവ സംസ്കരണം, ചോദ്യോത്തരം, പ്രതികരണം തുടങ്ങി പന്ത്രണ്ടോളം തലക്കെട്ടുകളുണ്ടായിരുന്നു അതിൽ. അക്കാലത്തെ സമുദായത്തിന്റെ ദയനീയസ്ഥിതിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന മനോവിഷമം പ്രഥമലക്കത്തിന്റെ രണ്ടാം പേജിൽ ചേർത്തത് ഇങ്ങനെ വായിക്കാം:

"അടുക്കള വിട്ടു പോയില്ല
അറിവുള്ളോരെ കണ്ടില്ല
കിതാബൊന്നും പഠിച്ചില്ല
ഫത്‌വാക്കൊട്ടും മുട്ടില്ല"

"ന ശക്തി നാ സഹായം സ്വ-
ന്തക്കൂട്ടത്തിൽ സ്വയം ബാഖീ
അസൂയ ദുഷ്ട മൃഗം പോൽ
സദാ സമ്പാദിയം ബാഖീ
പറഞ്ഞങ്ങു നിഗളിക്കും
പരസ്പരം സഹോദരർ
അഹംഭാവം അഹങ്കാരം
നിറഞ്ഞ നാടിയം ബാഖീ"

'സത്യപ്രകാശ'ത്തിനുശേഷം കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിൽനിന്ന് 'പരോപകാരി' എന്ന പേരിൽ രണ്ടു തവണയായി പ്രസിദ്ധീകരിച്ച മാസിക 3 വർഷം നിലനിന്നു. 1909-ൽ അദ്ദേഹം 'തുർക്കി സമാചാരം' എന്ന സായാഹ്ന പത്രം തുടങ്ങി. തുർക്കീ ഖിലാഫത്തിന്റെ പുരോഗമനവൃത്താന്തങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന ആ പത്രവും ആറുമാസത്തിലധികം പിടിച്ചുനിന്നില്ല.

ഖുർആൻ പരിഭാഷ തയാറാക്കാനും മഖ്ദീ തങ്ങൾ ശ്രമിച്ചുവെങ്കിലും നിർഭാഗ്യവശാൽ അത് പൂർത്തീകരിക്കാനായില്ല. ഏതാനും ചില സൂറകൾ വിവർത്തനം ചെയ്തതിന്റെ കൈയെഴുത്ത് പ്രതികൾ മറ്റാരുടെയോ കൈയിൽപെട്ടു നശിച്ചുപോവുകയാണുണ്ടായത്. ആ സങ്കടക്കഥ മഖ്ദീ തങ്ങൾ വിവരിക്കുന്നു: 'ഇസ്‌ലാം ജനാഭ്യാസത്തെ ഉദ്ദേശിച്ച് ഉണ്ടാക്കിയ പുതുചരിത്രങ്ങൾ സ്നേഹപ്പുരുട്ടിൽ യാചിച്ചു കൈവശപ്പെടുത്തി. അത് മടക്കിക്കിട്ടുവാൻ എട്ടുകൊല്ലം നടന്നും അവധികൾ കേട്ടു വ്യസനിച്ചത് കൂടാതെ അവസാനം കവിൾ രക്തവർണമായും തീർന്നു. പകർപ്പുകൾ കാൺമാൻ സാധിച്ചതുമില്ല' (*മഖ്ദീമനഃക്ലേശം*, പേജ് 69).

സമുദായോദ്ധാരണത്തിനുവേണ്ടി രംഗത്തുവന്ന അദ്ദേഹം മുസ്‌ലിംകളുടെ വിദ്യാഭ്യാസരംഗത്തെ ശോച്യാവസ്ഥക്കു പരിഹാരം തേടി. ഇംഗ്ലീഷ്, മലയാള ഭാഷാപഠനം വിലക്കിയ പുരോഹിതന്മാരെ അദ്ദേഹം അതിനിശിതമായി വിമർശിച്ചു. 'പണ്ഡിതനെന്ന മുസ്‌ല്യാന്മാർ മുൻസിദ്ധാന്തം മൊഴിയാതെ (മലയാളം പഠിക്കാതെ) കേട്ടുപഠിച്ച കെട്ട സംസാരം കൊണ്ട് സവിസ്തര ചരിത്രങ്ങളും കർമാചാരവിധികളും എഴുതുന്നു. ആ വക ലേഖനങ്ങൾ മലയാള വ്യുൽപത്തി അശേഷമില്ലാത്ത ബഹുജനത്തെ മഹാ അപകടത്തിലാക്കുന്നു. ഭാഷാവ്യവസ്ഥ, ഉച്ചാരണ ഭേദം, അബദ്ധസുബദ്ധം, അർഥം, കാലം, ലിംഗം, വിഭക്തി, സന്ധിസമ്പ്രദായം മുതലായതൊന്നും അറിയാതെ പുസ്തകം എഴുതുന്നതും പ്രസിദ്ധപ്പെടുത്തുന്നതും സങ്കടം തന്നെ. മുസ്‌ലിയാർ എഴുതിയതാകകൊണ്ട് സാധാരണജനം ഭക്തിപൂർവം അതിലുള്ള മൊഴികളെ പഠിക്കുന്നു. സമൂഹം മുഴുവനും ദുഷിക്കുന്നു' (*മഖ്ദിമനഃക്ലേശം* പേജ് 26,27). അറബിയക്ഷരങ്ങളും അറബിമലയാള ലിപികളും കൂട്ടി വായിക്കുന്ന വിധം അനായാസം പഠിക്കാനും പലകയെഴുത്തിലൂടെ ഖുർആൻ പഠനം തുടങ്ങുന്നതിനുപകരം പുസ്തകം മുഖേന അതാരംഭിക്കാനും ആദ്യമായി ശ്രമിച്ചത് മഖ്ദീ തങ്ങളായിരുന്നു. ഹിജ്റ 1308(1888)-ൽ അദ്ദേഹം രചിച്ച *തഅ്ലീമുൽ ഇഖ്‌വാൻ* എന്ന കൃതിയാണ് ആദ്യത്തെ അറബി അക്ഷരാഭ്യാസ പാഠപുസ്തകം. അറബി-മലയാളലിപി പരിഷ്കരണത്തിന് ആദ്യമായി മുന്നിട്ടിറങ്ങിയതും അദ്ദേഹമാണ്. 1891-ൽ അദ്ദേഹം *മുഅല്ലിമുൽ ഇഖ്‌വാൻ* എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചു. പ്രസ്തുത കൃതിയെ ഗ്രന്ഥകാരൻ പരിചയപ്പെടുത്തുന്നു: 'മലയാളികളായ ഇസ്‌ലാമിന്റെ കലാമുൽ മുഖാം അഅ്നീ (അഥവാ) നാട്ടുവാക്ക് മലയാളമാകയാൽ അതിനെ തള്ളിവെപ്പാൻ പാടില്ലാതിരിക്കയും ആ ബാഷയിൽ തന്നെ കിതാബുകളും മറ്റും യെശുതി വരികയും ചെയ്യുന്നു. യെന്നാൽ ആ ബാഷയെ അറബുയെശുത്തിൽ യെശുതിവരുന്ന അവസ്തക്ക് അറബുയെശുത്തിൽ മലയാള ഒച്ച കൊടുക്കുന്ന ഹുറൂഫ് ഇല്ലാതിരിക്കയാൽ ബേണ്ടതിനെ ഉണ്ടാക്കിയും തർകീബുകൊടുത്തും ശരിപ്പെടുത്തേണ്ട അവകാശം നമ്മളിൽ ഇരിക്കയാൽ ആ വക സകല ആവശ്യങ്ങളെ നിവർത്തിക്കുന്നതായ ഒരു കിതാബ് മുഅല്ലിമുൽ ഇഖ്‌വാൻയെന്ന നാമത്തിൽ നാം ഉണ്ടാക്കി അച്ചടിപ്പിച്ചു' (*തുഹ്ഫത്തുൽ അഖ്‌യാർ....* പാക്ഷികം, വാ. 1 ലക്കം 1 പേജ് 2). 'മലയാള ഭാഷയിൽ കേരള പാണിനിക്കുള്ള വ്യാകരണ പ്രാധാന്യം അറബി മലയാളത്തിൽ മുഅല്ലിമുൽ ഇഖ്‌വാന് നൽകാവുന്നതാണ്. 'ഒരു നല്ല ഭാഷാ സാഹിത്യം അറബി മലയാളത്തിൽ വളർത്തിയെടുക്കാൻ മഖ്ദീ തങ്ങൾ ചെയ്ത സ്തുത്യർഹമായ സേവനത്തിനൊരു നിദർശനമാണ് പ്രസ്തുത ഗ്രന്ഥം' എന്നാണ് പ്രമുഖ ചരിത്രകാരനായിരുന്ന മർഹൂം പി.എ സെയ്തു മുഹമ്മദ് അഭിപ്രായപ്പെട്ടത് (കേരള മുസ്‌ലിം ഡയറക്ടറി, പേജ് 581).

ഭാഷാപഠനത്തിനുവേണ്ടി ഒരു സംസ്കൃത -മലയാളം-അറബി നിഘണ്ടു രചിക്കാൻ അദ്ദേഹം മുതിർന്നു.

ഒരു കരടു കോപ്പി തയാറാക്കിയെങ്കിലും അത് നഷ്ടപ്പെടുകയായിരുന്നു.

പ്രസംഗചതുരനും കർമോത്സുകനുമായിരുന്ന തങ്ങൾ കേരളത്തിൽ ഒരറ്റം മുതൽ മറ്റേ അറ്റം വരെ പ്രബോധന സംസ്കരണ പ്രവർത്തനങ്ങളുമായി ഓടിനടന്നു. ശിർക്കിനും ബിദ്അത്തിനും അന്ധവിശ്വാസാനാചാരങ്ങൾക്കുമെതിരെ ആത്മധൈര്യത്തോടെ അദ്ദേഹം പൊരുതി. വടക്കെ മലബാറിലെ മുസ്‌ലിംകൾക്കിടയിൽ നിലനിന്ന മരുമക്കത്തായത്തെ നിശിതമായി വിമർശിച്ച അദ്ദേഹം കൈയേറ്റത്തിനിരയായി.

അദ്ദേഹം പ്രബോധനം തുടങ്ങുന്ന കാലത്ത് കേരള മുസ്‌ലിംകൾക്കിടയിൽ ഖാദിരി, രിഫാഈ, നഖ്ശബന്തി, ചിശ്ത്തി, ശാദുലി മുതലായ ശൈഖുമാരുടെ ത്വരീഖത്തു(കൾട്ടു)കൾ പ്രചരിച്ചിരുന്നു. വിവിധ ത്വരീഖത്തുകാർക്കിടയിൽ പള്ളി ബഹിഷ്കരണവും അഭിപ്രായഭിന്നതകളും പ്രകടമായി. അന്ധവിശ്വാസാനാചാരങ്ങൾ വെച്ചുപുലർത്തിയിരുന്ന ത്വരീഖത്തുകാർക്കെതിരെ അദ്ദേഹം ശക്തമായി രംഗത്തുവന്നു.

കേരളത്തിലെ മുസ്‌ലിം പണ്ഡിതർക്കിടയിൽ കൗതുകകരമായൊരു തർക്കം നിലനിന്ന കാലമായിരുന്നു അത്. *ലാ മൗജൂദ ഇല്ലല്ലാഹ്* (അല്ലാഹുവിനൊഴികെ അസ്തിത്വമില്ല) എന്ന മന്ത്രം ഉരുവിടുന്നത് അനുവദനീയമോ അല്ലയോ എന്നതാണ് വിഷയം. പ്രസിദ്ധ അറബി സാഹിത്യകാരനും പണ്ഡിതനുമായിരുന്ന മൗലാനാ അഹ്മദ് ശീറാസി (നാദാപുരം), വെളിയങ്കോട് തട്ടാങ്ങര കുട്ട്യാമു മുസ്‌ലിയാർ മുതലായ ഒരു വിഭാഗം ഉപര്യുക്ത മന്ത്രം ചൊല്ലുന്നതിനെ അനുകൂലിച്ചപ്പോൾ കുപ്പത്ത് ഉമർ മുസ്‌ലിയാർ (തളിപ്പറമ്പ്), ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി (വടുതല, അരൂകുറ്റി), ആലപ്പുഴ സുലൈമാനുബ്നു ആദം മുസ്‌ലിയാർ (ആലപ്പുഴ) തുടങ്ങിയവരോടൊപ്പം മഖ്ദീ തങ്ങളും അതിനെ എതിർത്തു. അതിൽ അദ്വൈതാശയമുണ്ടെന്നും അതിനാൽ അനിസ്‌ലാമികമാണെന്നുമായിരുന്നു അവരുടെ വാദം.

സമുദായ പരിഷ്കരണത്തിനിറങ്ങിത്തിരിച്ച ആ മഹാനുഭാവന് ക്രൂരമായ മർദനങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങേണ്ടിവന്നു. കേരളത്തിലുടനീളം ചുറ്റിസഞ്ചരിച്ച് പ്രഭാഷണങ്ങൾ നടത്തിയിരുന്ന അദ്ദേഹത്തെ എതിർക്കാൻ പൗരോഹിത്യവും പാരമ്പര്യവാദികളും കച്ചകെട്ടിയിറങ്ങി. എന്നാൽ എതിരാളികളുടെ ആക്ഷേപങ്ങൾക്ക് ഉരുളക്കുപ്പേരിയെന്നോണം അദ്ദേഹം മറുപടി നൽകി. ഏതാനും മുസ്‌ലിംയുവാക്കളെ ചെലവു കൊടുത്ത് പ്രബോധന പരിശീലനം നൽകിയിരുന്നു മഖ്ദീ തങ്ങൾ. തന്റെ ആദ്യകാല പ്രബോധനകേന്ദ്രമായിരുന്ന കണ്ണൂരിൽ ഒരുപറ്റം മുസ്‌ലിം യുവാക്കളെ സംഘടിപ്പിച്ച് 1889-ൽ മുഹമ്മദീയ സഭ എന്ന പേരിൽ ഒരു സാംസ്കാരിക സമിതി രൂപവത്കരിച്ചു. ഇതൊന്നും പുരോഹിതന്മാർക്ക് രസിക്കുന്നതായിരുന്നില്ല. മഖ്ദീ തങ്ങളുടെ മതപ്രഭാഷണം അനിസ്‌ലാമികമാണെന്ന് സ്ഥാപിച്ച് പൊന്നാനിയിലെയും മറ്റും മതപണ്ഡിതർ രംഗത്തുവന്നു. അതേസമയം പൊന്നാനി മഖ്ദൂമായിരുന്ന മർഹൂം പുതിയകത്ത് അബ്ദുർറഹ്മാൻ എന്ന ബാവ മുസ്‌ലിയാർ തങ്ങൾക്കനുകൂലമായി അറബി-മലയാളത്തിൽ ഫത്‌വയിറക്കി. തിരുവനന്തപുരത്തെ ക്രിസ്ത്യാനികൾ കേസു കൊടുത്തപ്പോൾ മുസ്‌ലിംകൾ സഹായിക്കാതെ മാറിനിന്നതും ഹിന്ദുസഹോദരന്മാരുടെ ആത്മാർഥമായ പിന്തുണകൊണ്ട് രക്ഷപ്പെടുകയും ചെയ്ത കഥ *മഖ്ദീ മനഃക്ലേശ*ത്തിൽ (പേജ് 64,65) തങ്ങൾ വിശദീകരിക്കുന്നുണ്ട്.

1911-ൽ അനാരോഗ്യം മൂലം അദ്ദേഹം ഫോർട്ടു കൊച്ചിയിൽ സ്ഥിരതാമസമാക്കി. നിരന്തരമായ പ്രഭാഷണവും വാദപ്രതിവാദവും കാരണം അദ്ദേഹത്തിന്റെ ആരോഗ്യം നാൾക്കുനാൾ ക്ഷയിച്ചുവന്നു. ആസ്ത്മയും ജ്വരവും വിട്ടുമാറിയില്ല. അങ്ങനെ 1912 സെപ്റ്റംബർ 18-ന് മഖ്ദീ തങ്ങൾ അന്തരിച്ചു. മരണത്തിന് ഏതാനും മിനിറ്റുകൾക്കു മുമ്പ് തന്റെ പ്രിയപ്പെട്ട തൂലിക വത്സലശിഷ്യനായ സി.വി ഹൈദ്രോസ് സാഹിബിന് നൽകിയ അദ്ദേഹം 'ഞാനിതാ എന്റെ റബ്ബിങ്കലേക്ക് പോകാറായി, ഇനി ഈ പേന കൊണ്ട് നീ ഇസ്‌ലാമിനു വേണ്ടി ജിഹാദ് ചെയ്യുക' എന്ന് ഒസ്യത്ത് നൽകിയാണ് വിടവാങ്ങിയത്.

*തഅ്‌ലീമുൽ ഖുർആൻ, മുഅല്ലിമുൽ ഇഖ്‌വാൻ, മരുമക്കത്തായം* എന്നീ 3 അറബി മലയാള കൃതികളും അമ്പതിൽപരം മലയാള ഭാഷാ കൃതികളും രചിച്ചു. അദ്ദേഹത്തിന്റെ മലയാള കൃതികളുടെ ഒരു സമാഹാരം കേരള ഇസ്‌ലാമിക് മിഷൻ കോഴിക്കോട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.